"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനിത ശിശു വികസന വകുപ്പ് - സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി-ചൈൽഡ് ഹെൽപ്പ് ലൈൻ സർവീസസ് പദ്ധതിയ്ക്കായി കേന്ദ്ര സർക്കാറിൽ നിന്നും 2025-26 വർഷം ആദ്യ ഗഡുവായി ലഭിച്ച തുകയായ 2,51,50,500/-രൂപ SNA അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവാകുന്നു.

---

**വനിത ശിശു വികസന (സി) വകുപ്പ്**

സ.ഉ.(സാധാ) നം.326/2025/WCDD തീയതി,തിരുവനന്തപുരം, 15-07-2025

---

പരാമർശം:-

1. 06.05.2023-ലെ സ.ഉ (സാധാ) നം.3469/2023/ധന
2. 01.07.2023-ലെ സ.ഉ (സാധാ) നം.403/2023/വശിവിവ
3. 26.06.2025-ലെ No.CW-II-22/08/2023-CW-II (e-108570) (1) നമ്പർ കത്ത്.
4. 26.06.2025-ലെ No.CW-II-22/08/2023-CW-II(e-108570) (2) നമ്പർ കത്ത്.
5. വനിത ശിശു വികസന ഡയറക്ടറുടെ 07-07-2025 തീയതിയിലെ DWCD/4144/2025-ICPS 10 നമ്പർ കത്ത്.

**ഉത്തരവ്**

മിഷൻ വാത്സല്യയുടെ ഭാഗമായി കുട്ടികൾക്ക് അടിയന്തിര സേവനങ്ങൾ നൽകുന്നതിനായി 100 ശതമാനം കേന്ദ്ര സഹായത്തോടെ 2023-24 സാമ്പത്തിക വർഷം മുതൽ സംസ്ഥാനത്ത് വനിത ശിശു വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതിയാണ് ചൈൽഡ് ഹെൽപ്പ് ലൈൻ സർവീസസ്. ടി പദ്ധതിയുടെ സംസ്ഥാന തല കോൾ സെന്റർ വനിത ശിശു വികസന ഡയറക്ടറേറ്റിനോട് ചേർന്നും ജില്ലാ തലത്തിൽ ജില്ലാ ശിശു സംരക്ഷണ യൂണിറ്റിനോട് ചേർത്ത് പ്രവർത്തിച്ചു വരുന്നു. 2235-02-102-15 Child Help Line (Kerala) 100 % CSS എന്ന ശീർഷകം പരാമർശം (1) പ്രകാരം അനുവദിക്കുകയും പരാമർശം (2) പ്രകാരം പദ്ധതി നടപ്പിലാക്കുന്നതിനായി ഭരണാനുമതി നൽകുകയും ചെയ്തിരുന്നു. PFMS മുഖേന പദ്ധതി നടപ്പിലാക്കുന്നതിനായി IDBI ബാങ്കിൽ SNA അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്.

2) മേൽ പദ്ധതിയുടെ 2025-26 സാമ്പത്തിക വർഷത്തെ പ്രവർത്തനങ്ങൾക്കായി 2235-02-102-15 (P) ശീർഷകത്തിൽ 5,94,34,000/- രൂപ വകയിരുത്തിയിട്ടുണ്ടെന്നും പദ്ധതിയുടെ 2025-26 സാമ്പത്തിക വർഷത്തെ ഏപ്രിൽ മാസം മുതൽ സെപ്റ്റംബർ മാസം വരെയുള്ള പ്രവർത്തനങ്ങൾക്കായി ആദ്യ ഗഡുവായി കേന്ദ്രസർക്കാരിൽ നിന്നും പരാമർശം (3) , (4) പ്രകാരം ആകെ 2,51,50,500/- ലഭിച്ചിട്ടുണ്ടെന്നും പ്രസ്തുത തുക നിശ്ചിത സമയ പരിധിയ്ക്കുള്ളിൽ SNA

അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതുണ്ടെന്നും ആകയാൽ പ്രസ്തുത ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 5,94,34,000/- രൂപയിൽ നിന്നും 2,51,50,500/-രൂപ ചൈൽഡ് ഹെല്പ് ലൈൻ പദ്ധതിയുടെ (Scheme CODE KL-341) IDBI ബാങ്കിൽ ആരംഭിച്ചിട്ടുള്ള SNA അക്കൗണ്ടായ 0889104000124263, IFSC Code IBKL0000889-ൽ നിക്ഷേപിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കണമെന്ന് വനിത ശിശു വികസന വകുപ്പ് ഡയറക്ടർ പരാമർശം (5) പ്രകാരം അഭ്യർത്ഥിച്ചിരിക്കുന്നു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ചൈൽഡ് ഹെൽപ്പ് ലൈൻ സർവീസസ് പദ്ധതി പദ്ധതിയുടെ 2025-26 സാമ്പത്തിക വർഷത്തെ ഏപ്രിൽ മാസം മുതൽ സെപ്റ്റംബർ മാസം വരെയുള്ള പ്രവർത്തനങ്ങൾക്കായി ആദ്യ ഗഡുവായി കേന്ദ്ര സർക്കാർ അനുവദിച്ച 2,51,50,500/- രൂപ നിശ്ചിത സമയ പരിധിയ്ക്കുള്ളിൽ SNA അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിനായി നടപ്പ് വർഷം 2235-02-102-15 Child Help Line (Kerala) 100 % CSS എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 5,94,34,000/- രൂപയിൽ നിന്നും 2,51,50,500/-രൂപ (രണ്ട് കോടി അമ്പത്തിയൊന്ന് ലക്ഷത്തി അൻപതിനായിരത്തി അഞ്ഞൂറു രൂപാ മാത്രം) ചൈൽഡ് ഹെൽപ്പ് ലൈൻ പദ്ധതിയുടെ (Scheme CODE KL-341) IDBI ബാങ്കിൽ ആരംഭിച്ചിട്ടുള്ള SNA അക്കൗണ്ടായ 0889104000124263, IFSC Code IBKL0000889-ൽ നിക്ഷേപിക്കുന്നതിനുള്ള അനുമതി വനിത ശിശു വികസന വകുപ്പ് ഡയറക്ടർക്ക് നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സന്തോഷ് കുമാർ.റ്റി.കെ.
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, വനിത ശിശു വികസന വകുപ്പ്,തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ജി & എസ് എസ് എ/എ&ഇ) കേരളം,തിരുവനന്തപുരം
ധനകാര്യ വകുപ്പ്
വെബ് & ന്യൂ മീഡിയ (വെബ് സൈറ്റിൽ പ്രസിദ്ധീകരിയ്ക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Hena. R Raj
സെക്ഷൻ ഓഫീസർ
Date: 16-07-2025 12:46:25